## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 565 　　　　11.12.2012 ൽ മറുപടിയ്ക്ക്

### 'എമർജിംഗ് കേരള' യുടെ നടത്തിപ്പിനായി നീക്കിവച്ച തുക

**ചോദ്യം** 　　　　**ഉത്തരം**

ശ്രീ. എസ്. രാജേന്ദ്രൻ 　　　　ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| ക്രമ നം. | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | എമർജിംഗ് കേരള സംഘടിപ്പിക്കുന്നതിനായി കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ തുക നീക്കി വച്ചിരുന്നോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | 2012-13 ലെ ബഡ്ജറ്റിൽ കേരള സ്റ്റേറ്റ് വ്യവസായ വികസന കോർപ്പറേഷന് (കെ.എസ്.ഐ.ഡി.സി) 'നിക്ഷേപം സുഗമമാക്കലും വ്യവസായ പ്രോത്സാഹന പരിപാടികളും' എന്ന സ്കീമിനായി 9.26 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിനുപരിയായി 2012 ജൂലൈ ഉപധനാഭ്യർത്ഥന വഴി 5 കോടി രൂപ എമർജിംഗ് കേരള ഇൻവെസ്റ്റ്മെന്റ് മീറ്റ് നടത്തുവാൻ അനുവദിച്ചിരുന്നു. |
| (ബി) | എമർജിംഗ് കേരളയുടെ നോഡൽ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; ടി ഏജൻസിക്ക് ഇതിന്റെ നടത്തിപ്പിനായി എത്ര രൂപ അനുവദിച്ചു; | എമർജിംഗ് കേരളയുടെ നോഡൽ ഏജൻസിയായി 12.08.2011 ലെ സ.ഉ. (സാധാ) നം.1015/2011/വ്യവ ഉത്തരവ് പ്രകാരം കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഏജൻസിക്ക് ഇതിന്റെ നടത്തിപ്പിനായി ആകെ 14.26 കോടി രൂപ സർക്കാർ അനുവദിച്ചു. |
| (സി) | എമർജിംഗ് കേരളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ വഴി ചെലവായ ആകെ തുക എത്രയെന്ന് വ്യക്തമാക്കുമോ? | എമർജിംഗ് കേരളയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സി. ഇതുവരെ 16.67 കോടി രൂപ ചെലവഴിച്ചു. |

അക്കൗണ്ട്സ് ഓഫീസർ